LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര-തഴക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

108 [1289] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ മാവേലിക്കര-തഴക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇപ്പോൾ ഇവിടെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു;

(സി) എത്ര പ്ലോട്ടുകൾ ഉപയോഗിക്കാതെ കിടക്കുന്നു എന്ന് വിശദമാക്കാമോ;

(ഡി) ഇവിടത്തെ വ്യവസായ സംരംഭകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പന്തളം നിയോജകമണ്ഡലത്തിൽ മാവേലിക്കര-തഴക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായം നടത്തുവാനായിട്ട് ഷെഡ്ഡുകളും, വ്യവസായ ഭൂമിയും സിഡ്കോ വഴി ലഭ്യമാക്കുന്നുണ്ട്. വ്യവസായം പുരോഗമിക്കുന്ന മുറയ്ക്ക് തൊഴിലവസരങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 32 സ്ഥാപനങ്ങൾ സിഡ്കോയുടെ കീഴിലുള്ള എസ്റ്റേറ്റുകളിലും 22 സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലും പ്രവർത്തിക്കുന്നു.

(സി) ഏകദേശം 2.5 ഏക്കർ ഭൂമി വ്യവസായികൾക്ക് അലോട്ടു ചെയ്യുവാനായിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ആറ് പ്ലോട്ടുകളും ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

(ഡി) 10 വർഷത്തെ തവണകളായി ഇൻഡസ്ട്രിയൽ പ്ലോട്ടുകൾ നൽകുന്നു. ഈ പ്ലോട്ടുകളിൽ എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്നും മാർജിൻ മണി ലോൺ, ഇൻവെസ്റ്റ്മെന്റ് സബ്സിഡി എന്നിവ അർഹതയനുസരിച്ച് കൊടുക്കുന്നു.